[Mr. P. Govinda Menon]

പി. ഡി. ജോസഫ്, മാനേജർ.
സി. കെ. നാരായണൻ, എക്കൌണ്ടൻറ്, ഞാറക്കൽ ഡെപ്പോ.
൪. മി. പി. പി. ജോസഫ്.
ജോൺ മനച്ചേരി, അസിസ്റ്റണ്ട്.
ഡി. ശ്രീധരൻ, ടി
കെ. ഇ. കുമാരൻ, ടി
ജി. മീനക്കുമ്മത്ത്, ടി
പി. വി. ജിന്നൻ, മാനേജർ.
ഡി. ലക്ഷ്മണറാവു, അസിസ്റ്റാണ്ട്.
എൻ. ആർ. കുഞ്ഞൻ, ഡെപ്പോ-കീപ്പർ.
പി. കെ. കേശവൻ, ഡെപ്പോ-കീപ്പർ.
സി. വി. പത്മനാഭൻ, ഗോ-ഡൌൺ-കീപ്പർ.
കെ. കെ. ചാത്തൻ, ഗോ-ഡൌൺ-കീപ്പർ.
എം. ജോജ്ജ്, ഗോ-ഡൌൺ-കീപ്പർ.
പി. എ. സേവിയർ, മെഷാർ.
കെ. എം. അന്തോണികുട്ടി, മാനേജർ.
എം. പി. പൌലോസ്, മാനേജർ.
സി. വി. ജോസഫ്, ഡെപ്പോ-കീപ്പർ.
ടി. ജി. ജോസഫ്, അസിസ്റ്റണ്ട് ഡെപ്പോ-കീപ്പർ.

(സി) ൧. മി. എം. പി. പൌലോസ്, ഷാപ്പ് അസിസ്റ്റണ്ടായി തരം താഴ്ത്തുകയും ഉദ്യോഗത്തിൽ രണ്ടാമതും പ്രവേശിപ്പിക്കുകയും ചെയ്തു.
൨. കെ. ഭരതൻ മേനോൻ, ഉദ്യോഗത്തിൽ രണ്ടാമതും പ്രവേശിപ്പിച്ചു.
൩. ഇ. കെ. കുട്ടി, അന്വേഷണം പൂർത്തിയായിട്ടില്ല.
൪. പി. എ. ചേന്ദൻ, അന്വേഷണം പൂർത്തിയായിട്ടില്ല.
൫. സി. കെ. നാരായണൻ, രണ്ടാമതും ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചു.
൬. പി. ഡി. ജോസഫ്, ഉദ്യോഗത്തിൽനിന്നും ഒഴിവാക്കി.
൭. ജോൺ മനച്ചേരി, ഉദ്യോഗത്തിൽനിന്നും ഒഴിവാക്കി.
൮. ഡി. ശ്രീധരൻ, ഉദ്യോഗത്തിൽനിന്നും ഒഴിവാക്കി.
൯. കെ. ഇ. കുമാരൻ, ഉദ്യോഗത്തിൽനിന്നും ഒഴിവാക്കി.
൧൦. ജി. മീനക്കുമ്മത്ത്, സബ്സിഡിൽനിന്നും ഡിസ്മിസ്സ് ചെയ്തു.
൧൧. പി. വി. ജിന്നൻ, അന്വേഷണം പൂർത്തിയായിട്ടില്ല.
൧൨. ലക്ഷ്മണറാവു, അന്വേഷണം പൂർത്തിയായിട്ടില്ല.
൧൩. എൻ. ആർ. കുഞ്ഞൻ, അന്വേഷണം പൂർത്തിയായിട്ടില്ല.
൧൪. പി. കെ. കേശവൻ, സബ്സിഡിൽനിന്നും ഡിസ്മിസ്സ് ചെയ്തു.
൧൫. സി. വി. പത്മനാഭൻ, സബ്സിഡിൽനിന്നും ഡിസ്മിസ്സ് ചെയ്തു.
൧൬. കെ. കെ. ചാത്തൻ, അന്വേഷണം പൂർത്തിയായിട്ടില്ല.
൧൭. എം. ജെ. ജോജ്ജ്, അന്വേഷണം പൂർത്തിയായിട്ടില്ല.
൧൮. പി. എ. സേവിയർ, അന്വേഷണം പൂർത്തിയായിട്ടില്ല.
൧൯. കെ. എം. അന്തോണികുട്ടി, അസിസ്റ്റണ്ടായി തരം താഴ്ത്തുകയും ഉദ്യോഗത്തിൽ രണ്ടാമതും പ്രവേശിപ്പിക്കുകയും ചെയ്തു.
൨൦. എം. പി. പൌലോസ്, അന്വേഷണം പൂർത്തിയായിട്ടില്ല.
൨൧. സി. വി. ജോസഫ്, അന്വേഷണം പൂർത്തിയായിട്ടില്ല.
൨൨. ടി. ജി. ജോസഫ്, അന്വേഷണം പൂർത്തിയായിട്ടില്ല.

PROHIBITION IN THE STATE

113. Mrs. T. Francis (*Ernakulam-Women*): Will Government be pleased to state whether they propose to introduce prohibition in this State with effect from Chingam 1123?

Rao Bahadur T. K. Nayar (*Minister for Public Health*): The Government propose to introduce prohibition in the Chitiur Taluk from 1st of October 1947 simultaneously with the introduction of prohibition in the adjoining Districts of Malabar. Orders have been issued accordingly.

LIBRARY ARCHIVES Kerala Legislative Assembly

മിസ്സിസ് ടി. ഫ്രാൻസിസ്: ഫ ഫ ഫ മുതൽ വേറെ ഏതെങ്കിലും താലൂക്കിൽ Prohibition നടപ്പാക്കാൻ ഉദ്ദേശമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോൾ ഉദ്ദേശമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: Prohibition കൊണ്ടു കൊച്ചിഗവണ്മെണ്ടിന്റെ വരുമാനത്തിൽ എത്രശതമാനം കുറവുവരും?

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. Prohibition എല്ലാ താലൂക്കിലും നടപ്പാക്കിക്കഴിഞ്ഞാൽ എക്സൈസ് ഡിപ്പാർട്ട്മെണ്ടിൽനിന്നു ഈ ഇനത്തിൽ ഗവണ്മെണ്ടിലേയ്ക്കുള്ള വരവെന്താണൊ അതില്ലാതാകും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എന്താണ് ഒരു കൊല്ലത്തിലെ ഈ ഇനത്തിലുള്ള വരവ്?

റാവുബഹദൂർ ടി. കെ. നായർ: ഓരോ കൊല്ലത്തിലും ഓരോതരത്തിലാണ് വരവ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ കൊല്ലത്തിലെ വരവെന്താണ്?

റാവുബഹദൂർ ടി. കെ. നായർ: ഈ കൊല്ലത്തിൽ ൭ ൦, ൫ ൦ ലക്ഷത്തോളം വരവുണ്ട്. യുദ്ധത്തിനുമുമ്പ് ഇതേസ്ഥാനത്തു ൨ ൪, ൩ ൦ ലക്ഷത്തോളം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എന്നാൽ Prohibition വന്നാൽ ൭ ൪ ലക്ഷത്തോളം രൂപ ഒരു കൊല്ലത്തിൽ ഗവണ്മെണ്ടിൽ കുറവുവരികയില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഇന്നത്തെ നിലയിൽതന്നെ എന്നുംവരുവൊങ്കിൽ ഈ കുറവുണ്ടാകുന്നതാണ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: യുദ്ധാനന്തര പുനരുദ്ധാരണപദ്ധതികൾക്കും മറ്റുമായി അനവധിപണം ആവശ്യമുള്ള സമയത്തു ഇത്രയുംവലിയതുക നഷ്ടംവരുന്ന ഈ പദ്ധതിനിറുത്തിവെക്കേണ്ടതാണ്.

റാവുബഹദൂർ ടി. കെ. നായർ: ഇതും ഒരുതരത്തിലുള്ള ഉദ്ധാരണപ്രവൃത്തിതന്നെയാണ്. അതുകൊണ്ടു ഈ പദ്ധതിയും നടപ്പിൽ വരുത്തേണ്ടതുതന്നെയാണ്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ബ്രിട്ടീഷ് മലബാറിൽ പ്രൊഹിബിഷൻ വന്നതുകൊണ്ടാണൊ അതിനടുത്തുകിടക്കുന്ന ചിറ്റൂർ താലൂക്കിൽ പ്രൊഹിബിഷൻ നടപ്പിൽ വരുത്താനാലോചിച്ചതു?

റാവുബഹദൂർ ടി. കെ. നായർ: അല്ല. ചിങ്ങം ഫ-ാംന- ആണ് കൊച്ചിയിൽ കൊല്ലംതുടങ്ങുന്നതു. എങ്കിലും മലബാറിൽ ഒക്ടോബർ ഒന്നാംതീയ്യതിയാണ് Prohibition ഉടങ്ങുന്നതെന്നുള്ളതുകൊണ്ടാണ് അതിനടുത്തുകിടക്കുന്ന ചിറ്റൂരിൽ ഒക്ടോബറിൽമാത്രം തുടങ്ങാൻ തീരുമാനിച്ചതു. എന്തുകൊണ്ടു ചിങ്ങത്തിൽ ആരംഭിച്ചില്ല എന്നാണ് ചോദിക്കുന്നതെന്നെനിക്കറിയാം.

Mr. K. Balakrishna Menon (*Cheruthuruthi*): What is the arrangement done for the short period from Chingam to October 1st?

Rao Bahadur T. K. Nayar (*Minister for Public Health*): Some steps have been taken by which the old contractors and some new contractors have stepped in just to carry out this work.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Is it under the regular auction system?

Rao Bahadur T. K. Nayar (*Minister for Public Health*): Not exactly under the auction system.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ലോകമുണ്ടായിട്ടു ൪, ൦ ൦ ൦ കൊല്ലങ്ങളായിട്ടുണ്ടെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളതു. അന്നുമുതൽ ജനങ്ങൾ പരിചയിച്ചുവന്ന ഒരു കാര്യം നിറുത്തൽചെയ്തിട്ടാണൊ ജനങ്ങളെ ഉദ്ധരിക്കുന്നതു?

Mr. President: What is the Hon'ble Member's question? Is it about the creation of the world? (Laughter).

മിസ്സിസ് കെ. എം. ആർ. മേനോൻ: എങ്ങിനെയാണ് ലോകം ഉണ്ടായിട്ടു ൪,൦൦൦ കൊല്ലമേ ആയിട്ടുള്ളുവെന്നു കണക്കു കൂട്ടിയതു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ൪,൦൦൦ കൊല്ലമേ ആയിട്ടുള്ളു എന്നാണു് എന്റെ അറിവു്. അന്നുമുതൽ ഇന്നുവരെ ജീവിച്ചുവന്ന ഒരു ജീവിതരീതിക്കു വിപരീതമായ ഒരു ജീവിതരീതി ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കാനാണൊ ഈ പദ്ധതി കൊണ്ടുവന്നിരിക്കുന്നതു"?

Mr. President: Anyway, that question does not arise here, I mean the creation of the world. (Laughter)

റാവു ബഹദൂർ ടി. കെ. നായർ : മദ്യവർജ്ജനം എന്നതിനെ സംബന്ധിച്ചും അതിന്റെ തത്വങ്ങളെക്കുറിച്ചും മറ്റും ഇവിടെ ഈ ചോദ്യോത്തരസമയത്തു മറുപടി പറയാൻ വിഷമമാണു്. Information വല്ലതും വേണമെങ്കിൽ തരാം. അതായതു കുടിക്കുന്ന ആളുകളെ അതിൽനിന്നും വിരമിപ്പിക്കാനാണു പ്രധാനോദ്ദേശം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെയുള്ള സദാചാരോപദേശങ്ങൾ കൊടുത്തു ആളുകളെ നന്നാക്കാനാണെങ്കിൽ അതിനു പള്ളികളിൽ ആളുകളുണ്ടല്ലൊ.

മിസ്റ്റർ പി. നാരായണമേനോൻ: മദ്യവർജ്ജനം നടപ്പിലാക്കുന്നതുകൊണ്ടു തൊഴിലില്ലാതെ ആകുന്ന ആളുകൾക്കു തൊഴിൽ കൊടുക്കാനുള്ള വല്ല പദ്ധതികളും ഉണ്ടാക്കീട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: അതും ആലോചിക്കേണ്ടതാണു്. അതിനെക്കുറിച്ചും ആലോചിക്കുന്നുണ്ടു്.

DYEING SECTION—CHERPU INDUSTRIAL CENTRE

114. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

(എ) ചേർപ്പു് ഇണ്ടസ്ട്രിയൽ സെണ്ടറിലെ ഡൈയിംഗ് സെക്ഷൻ ഇപ്പോൾ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ചോദ്യത്തിനു മറുപടി തരുന്നതുവരെ ക്ലോസ്-ൽ ഈ സെക്ഷനിലെ വരവു, ചിലവു്, സ്റ്റോക്കു് ഇവ എത്ര?

മിസ്റ്റർ സി. ഇ. ഇയ്യുണ്ണി:

(എ) ഉവ്വു്.

(ബി) സ്റ്റോറുമെണ്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (Please see Appendix I).

TEMPORARY BRIDGE AT PORINGALKUTHU

115. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമൊ.—

(എ) പെരിങ്ങൽകുത്തിൽ പണി ചെയ്തിരിക്കുന്ന ടെമ്പററി ബ്രിഡ്ജിനു് എത്ര ഉപ്പിക ചിലവായി;

(ബി) ആ പാലം എത്രകാലം നിലനിൽക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു പണിയിച്ചിരിക്കുന്നതു"?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ :

(എ) ൪,൩൪ രൂ കെ. ഫ്ലണ. ൦പ.

(ബി) ഉദ്ദേശം അഞ്ചു കൊല്ലം.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ഈ പണിക്കു എസ്റ്റിമേറുണ്ടൊ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഡിപ്പാർട്ടുമെണ്ടിൽനിന്നും ചെയ്തതാണു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ആരാണു് സൂപ്പർവിഷൻ ചെയ്തതു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഡിപ്പാർട്ടുമെണ്ടു നേരിട്ടു പണി നടത്തുമ്പോൾ സൂപ്പർവിഷൻ നടത്തുന്നതാരാണൊ ആ ആൾതന്നെ പതിവനുസരിച്ചു ഈ പണിയും നോക്കിക്കാണും.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ഫോറസ്റ്റു് ഡിപ്പാർട്ടുമെണ്ടിൽനിന്നു മരം കൊടുത്തിരുന്നില്ലെ?

LIBRARY ARCHIVES Kerala Legislative Assembly